## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2359** 07.02.2019-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ.യിലെ ബി.പി.ആർ.ഇ.യുടെ റിപ്പോർട്ട്**

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യിൽ ബി.പി. ആർ.ഇ.റിപ്പോർട്ട് സമർപ്പിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നിയമനം നടത്തിയത് എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കെ.എസ്.എഫ്.ഇ യിൽ ബി.പി.ആർ.ഇ നടപ്പാക്കാൻ ഒരു കമ്മിറ്റിയേയും അതിന്റെ ചെയർമാനായി കെ.എസ്.എഫ്.ഇ ഡയറക്ടർ ആയ ശ്രീ.പി.സി.പിള്ളയേയും നിയമിച്ചിട്ടുണ്ട്. 12/6/2018 -ൽ പുറത്തിറക്കിയ G.O.(Rt) No.414/2018/ TAXES പ്രകാരമാണ് ആ നിയമനം നടത്തിയത്. |
| (ബി) | ബി.പി.ആർ.ഇ. ചെയർമാന് ഒരു മാസം എത്ര രൂപയാണ് ശമ്പളമെന്ന് അറിയിക്കാമോ; മറ്റ് എന്തൊക്കെ ആനുകൂല്യങ്ങൾ ചെയർമാന് നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | മേൽ ഉത്തരവു പ്രകാരം ഒരു ലക്ഷം രൂപ പ്രതിമാസ ശമ്പളവും ബാധകമായ മറ്റു അലവൻസുകളും ഉൾപ്പെടെ 1.40 ലക്ഷം രൂപ ബി.പി.ആർ.ഇ ചെയർമാന് പ്രതിമാസം നിജപ്പെടുത്തിയിട്ടുണ്ട് . കൂടാതെ ഓഫീസ് ആവശ്യത്തിനായി കാറും നൽകിയിട്ടുണ്ട്. |
| (സി) | ബി.പി.ആർ.ഇ.ചെയർമാന്റെ നിയമന കാലയളവ് എത്രയാണ്; എന്നത്തേക്ക് റിപ്പോർട്ട് ലഭ്യമാക്കുമെന്ന് അറിയിക്കാമോ; | (സി) | രണ്ടു വർഷത്തേയ്ക്കാണ് നിയമനം. ബിസിനസ്സ് പ്രക്രിയകൾ നവീകരിക്കുന്ന ചുമതലയാണ് ബി.പി.ആറിനുള്ളത് . റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വർഷവും നടപ്പാക്കുന്നതിന് ഒരു വർഷവും എന്ന അനൗപചാരിക ലക്ഷ്യം ആണ് കമ്മിറ്റിക്കുള്ളത്. |
| (ഡി) | കെ.എസ്.എഫ്.ഇ.യുടെ ബോർഡ് മെമ്പർ ആയിരിക്കുന്ന വ്യക്തിയ്ക്ക് ബി.പി.ആർ.ഇ. ചെയർമാൻ സ്ഥാനം വഹിക്കാൻ കഴിയുമോ; ബോർഡ് മെമ്പർ എന്ന നിലയിലുള്ള ആനുകൂല്യവും ഇയാൾ വാങ്ങുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.എഫ്.ഇ യുടെ ബോർഡ് മെമ്പർ ആയിരിക്കുന്ന വ്യക്തിക്ക് ബി.പി.ആർ.ഇ ചെയർമാൻ സ്ഥാനം വഹിക്കുന്നതിന് തടസ്സങ്ങൾ ഇല്ല. ബോർഡ് മെമ്പർ എന്ന നിലയ്ക്ക് അർഹതപ്പെട്ട സിറ്റിംഗ് ഫീയും യാത്രപ്പടിയും അദ്ദേഹത്തിന് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ